ഗ്രാമീണ ഗൃഹശാസ്ത്ര കോളേജ്

* 218. [240] ശ്രീ. എം. പി. എം. ഇസ്ഹാക് കുരിക്കൾ :
,, പി. കെ. കെ. ബാവ :
,, കെ. പി. എ. മജീദ് :
,, പി. എം. അബൂബക്കർ :
,, ഇ. ടി. മുഹമ്മദ് ബഷീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഒരു ഗ്രാമീണ ഗൃഹശാസ്ത്ര കോളേജ് ആരംഭിക്കാൻ കേരള കാർഷിക സർവ്വകലാശാലയ്ക്ക് ഗവൺമെൻറ് അനുമതി നൽകിയിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ, കോളേജ് സ്ഥാപിക്കുന്നത് എവിടെയാണ് ;

(സി) ഇവിടെ എത്ര പേർക്ക് പഠന സൗകര്യം ഉണ്ടായിരിക്കും ?

കൃഷി വകുപ്പുമന്ത്രി (ശ്രീ. എൻ. സുന്ദരൻ നാടാർ) :

(എ) ഉണ്ട്.

(ബി) തിരുവനന്തപുരം ജില്ലയിലെ വെള്ളായണിയിൽ.

(സി) ഇപ്പോൾ 30 പേർക്ക് പഠന സൗകര്യമുണ്ട്.

ശ്രീ. എം. പി. എം. ഇസ്ഹാക്ക് കുരിക്കൾ : സർ, ഗ്രാമീണ ഗൃഹ ശാസ്ത്ര കോളേജ് തിരുവനന്തപുരം ജില്ലയിൽ പൊന്നും വിലയ്ക്ക് സ്ഥലം എടുത്തിട്ടാണോ തുടങ്ങുവാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ ?

ശ്രീ. എൻ. സുന്ദരൻ നാടാർ : സർ, പൊന്നും വിലയ്ക്ക് സ്ഥലം എടുത്തിട്ടില്ല.

ശ്രീ. എം. പി. എം. ഇസ്ഹാക്ക് കുരിക്കൾ : സർ, സൗജന്യമായി മലബാർ ജില്ലയിൽ സ്ഥലം തന്നാൽ കോളേജ് അവിടെ തുടങ്ങുവാനുള്ള നടപടി സ്വീകരിക്കുമോ ?

ശ്രീ. എൻ. സുന്ദരൻ നാടാർ : സർ, അങ്ങനെയൊരു ആലോചന ഇപ്പോൾ ഇല്ല.

ശ്രീ. കെ. പി. എ. മജീദ് : സർ, ഈ ഗ്രാമീണ ഗൃഹ ശാസ്ത്ര കോളേജിൽ എന്തൊക്കെ പഠനമാണ് നടത്തിക്കൊണ്ടിരിക്കുന്നതെന്ന് വ്യക്തമാക്കാമോ ?

ശ്രീ. എൻ. സുന്ദരൻ നാടാർ : സർ, അഞ്ച് വകുപ്പുകളാണ് നിശ്ചയിച്ചിരിക്കുന്നത്. ഫുഡ് ആൻറ് ന്യൂട്രിഷൻ, ശിശുവികസനം, ഗൃഹ ശാസ്ത്ര വ്യാപനം, ഹോം മാനേജ്മെൻറ്.

പെൻഷൻകാർക്ക് ആനുകൂല്യങ്ങൾ

* 219. [241] ശ്രീ. കെ. പങ്കജാക്ഷൻ : താഴെ കാണുന്ന ചോദ്യത്തിന് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

കേരളത്തിലെ സർവ്വീസ് പെൻഷൻകാർക്ക് പേ കമ്മീഷൻ ശുപാർശ അനുസരിച്ചുള്ള ആനുകൂല്യങ്ങൾ നൽകിയിട്ടില്ല എന്ന പരാതി ഗവൺമെൻറിൻെറ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ?

LIBRARY ARCHIVES Kerala Legislative Assembly